ഭരണഭാഷ-മാതൃഭാഷ

# ഗതാഗത കമ്മീഷണറുടെ നടപടിക്രമം

## (സാന്നിദ്ധ്യം- ആർ ശ്രീലേഖ ഐ പി എസ്)

വിഷയം :- മോട്ടോർ വാഹന വകുപ്പ് – വിവരാവകാശ നിയമം 2005- പോതു വിവരാവകാശ ഓഫീസർ , അപ്പീൽ അധികാരി എന്നിവരെ നിയോഗിക്കുന്നത്- പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

പരാമർശം :- 1..എ5/12933/റ്റിസി/2005 എന്ന 14/11/2005 തിയതിയിലെ നടപടിക്രമം
2. എ5/12933/റ്റിസി/2005 എന്ന 06/06/2012 തിയതിയിലെ നടപടിക്രമം

**ഉത്തരവ് നമ്പർ എ5/12933/റ്റിസി/2005 തിയതി 28.10.2019**

വിവരാവകാശ നിയമം 2005 നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം 1 പ്രകാരം മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് പബ്ലിക്ക് ഇൻഫോർമേഷൻ ഓഫീസർ , സംസ്ഥാന പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിശ്ചയിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. വകുപ്പ് ആസ്ഥാനത്തെ സംസ്ഥാന പബ്ലിക് ഇൻഫൊർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ പുതുക്കി നിശ്ചയിച്ച് പരാമർശം 2 പ്രകാരവും ഉത്തരവായിരുന്നു.

വകുപ്പ് ആസ്ഥാനം, മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണമാരുടെ കാര്യാലയം , റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് എന്നിവിടങ്ങളിലെ അധികാരികളെ സംബന്ധിച്ച് മാത്രമേ പരാമർശം ഒന്നിൽ നിർവചിച്ചിട്ടുള്ളു. സർക്കാർ ഉത്തരവ് 42/2018/ട്രാൻസ് പ്രകാരം സേഫ് കേരളാ പദ്ധതി സർക്കാർ അംഗീകരിക്കുകയും 14 ജില്ലകളിലും എൻഫോഴ്സ്മെന്റ് ഓഫീസുകൾ രൂപീകരിക്കുകയും ആർട്ടിഓ എൻഫോഴ്സ്മെന്റിനെ ജില്ലാ അധികാരിയായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച് സർക്കാർ ഉത്തരവ് 20/2019/ഗതാതം പ്രകാരം വിശദമാക്കിയിട്ടുണ്ട്. വിവരാവകാശ നിയമത്തിലെ “പൊതു അധികാരസ്ഥാനം“ എന്ന നിർവ്വചനത്തിൽ ടി ഓഫീസുകളും പെടുന്നതിനാൽ വിവരാവകാശ നിയമത്തിലെ സെക്ഷൻ 5(1) പ്രകാരം ജില്ലാ എൻഫോഴ്സ്മെന്റ് ആർട്ടിഓയുടെ കാര്യാലയത്തിലെ സംസ്ഥാന വിവരാവകാശ ഓഫീസറേയും അപ്പീൽ അധികാരിയേയും താഴെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

| ഓഫീസ് | പൊതു വിവരാവകാശ ഓഫീസർ | അപ്പീൽ അധികാരി |
|---|---|---|
| റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്( | പ്രസ്തുത ഓഫീസിലെ ഏറ്റവും മുതിർന്ന മോട്ടോർ വെഹിക്കിൾ | ബന്ധപെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫൊർസ്മെന്റ്) |

| | | |
|---|---|---|
| എൻഫോഴ്സ്മെന്റ്) റുടെ കാര്യാലയം | ഇൻസ്പെക്ടർ | |

ഇതോടൊപ്പം പരാമർശം രണ്ടിൽ പ്രതിപാദിക്കാത്ത വകുപ്പ് ആസ്ഥാനത്തെ എൽ സെക്ഷന്റെ പൊതു വിവരാവകാശ ഓഫീസറേയും അപ്പീൽ അധികാരിയേയും താഴെ പറയും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

| സെക്ഷൻ | പോതു വിവരാവകാശ ഓഫീസർ | അപ്പീൽ അധികാരി | ബന്ധപെട്ട വിഷയം |
|---|---|---|---|
| എൽ സെക്ഷൻ | ജൂനിയർ/ സീനിയർ സൂപ്രണ്ട് (ഇൻവേർഡ് സെക്ഷൻ) | സീനിയർ ലാ ഓഫീസർ | കോടതി വ്യവഹാരങ്ങൾ. ലോകായുക്താ, മനുഷ്യാവകാശ കമ്മീഷൻ തുടങ്ങിയ കേന്ദ്രങ്ങളിൽ നിന്നുള്ള തപാലുകൾ, വിവരാവകാശ അപേക്ഷകൾ എന്നിവയുടെ വിതരണം. വിവരാവകാശ അപേക്ഷകളും കോടതിവ്യവഹാരങ്ങളും സംബന്ധിച്ച രജിസ്റ്ററുകളുടെ പരിപാലനം. വകുപ്പുമായി ബന്ധമില്ലാത്ത തപാലുകളുടെ കൈകാര്യം |

പരാമർശത്തിലെ ഉത്തരവുകൾ മാറ്റമില്ലാതെ തുടരുന്നതാണ്.

ഒപ്പ്/-

**ഗതാഗത കമ്മീഷണർ**

**സ്വീകർത്താവ്**

1. **വകുപ്പ് ആസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥരും**
2. **എല്ലാ ഡിറ്റിസി ,ആർ ട്ടി ഓ, ആർ ട്ടി ഓ എൻഫോഴ്സ്മെന്റ്, ജൊയിന്റ് ആർട്ടിഓ**
3. **എസ് എസ് ജി സെല്ല്( വെബ്ബ് സൈറ്റിൽ ചേർക്കുന്നതിന്)**

അംഗികാരത്തോടെ

സീനിയർ സൂപ്രണ്ട്

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**